"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - കൊല്ലം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ.സുരേഷ് കുമാർ - ന്റെ ഭാര്യയുടെ ചികിത്സയ്ക്കായി അനുവദിച്ച പലിശരഹിത വായ്പ ക്രമീകരിച്ചും ബാക്കി തുക പ്രതിപൂരണം ചെയ്തും നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം.216/2024/F&WLD തീയതി,തിരുവനന്തപുരം, 04-05-2024**

പരാമർശം:-
1. സ.ഉ.(സാധാ)നം. 69/2022/വനം തീയതി 25.06.2022.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 11.09.2023 & 24.04.2024 തീയതികളിലെ KFDHQ/182/2021-ADMIN/H2.

**ഉത്തരവ്**

വനം വകുപ്പിൽ കൊല്ലം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് (നിലവിൽ അച്ചൻകോവിൽ വനം ഡിവിഷനിലെ സീനിയർ സൂപ്രണ്ട്) ശ്രീ.എസ്.സുരേഷ് കുമാർ - ന്റെ ഭാര്യയുടെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കായി കൊച്ചി മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലെ ചെലവുകൾക്ക് 3,00,000/- രൂപ പലിശരഹിത വായ്പ പരാമർശം (1) പ്രകാരം അനുവദിച്ചിരുന്നു. ശ്രീ.എസ്.സുരേഷ് കുമാർ - ന്റെ ഭാര്യയുടെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കായി കൊച്ചി മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ചെലവായ തുകയിൽ അനുവദിച്ച പലിശ രഹിത ചികിത്സ വായ്പ ക്രമീകരിച്ച് ബാക്കി തുക റീഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനുള്ള അപേക്ഷയും അനുബന്ധരേഖകളും പരാമർശം (2) പ്രകാരം ശിപാർശ സഹിതം ഭരണ വിഭാഗം ഉപമുഖ്യവനപാലകൻ സർക്കാരിന് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. സുരേഷ് കുമാർ വായ്പാ തുക കൈപ്പറ്റിയ തീയതി 17.03.2022 ലായിരുന്നു. ബില്ലുകൾ സമർപ്പിച്ചത് 6 ദിവസം വൈകി 23.06.2022 - ൽ ആയതിനാൽ ടി ദിവസങ്ങൾക്ക് 12% പിഴപ്പലിശയായ 592/- രൂപ 0049-04-118-96-Other Advances ശീർഷകത്തിൽ ഒടുക്കി അസ്സൽ ചെലാൻ ലഭ്യമാക്കുകയുണ്ടായി. മേൽ സാഹചര്യത്തിൽ, കൊല്ലം സോഷ്യൽ ഫോറസ്ട്രി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്ററുടെ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് (നിലവിൽ അച്ചൻകോവിൽ വനം ഡിവിഷനിലെ സീനിയർ സൂപ്രണ്ട്) ആയ ശ്രീ.സുരേഷ് കുമാറിന്റെ ഭാര്യയുടെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയയ്ക്കായി കൊച്ചി മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ 24.03.2022 മുതൽ 27.04.2022 വരെ കാലയളവിൽ ചെലവായ തുകയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദനീയമെന്ന് അറിയിച്ചിരിക്കുന്ന തുകയായ 9,36,160/- രൂപയുടെ 80% ആയ 7,48,928/- രൂപയിൽ നിന്ന് പരാമർശം (1) പ്രകാരം അനുവദിച്ച പലിശരഹിത വായ്പ തുകയായ 3,00,000/- രൂപയുടെ പലിശരഹിത ചികിത്സാവായ്പയിൽ ക്രമീകരിച്ചുകൊണ്ടും, ബാക്കിതുകയായ 4,48,928/- രൂപ (നാലു ലക്ഷത്തി നാല്പത്തിയെട്ടായിരത്തി തൊള്ളായിരത്തി ഇരുപത്തിയെട്ടു രൂപ മാത്രം) പ്രതിപൂരണം ചെയ്തു

നൽകുന്നതിന് അനുമതി നല്കി കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സീത എസ് ലക്ഷ്മി**

**അണ്ടർ സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം (അപേക്ഷയും അനുബന്ധരേഖകളും സഹിതം).

ശ്രീ.എസ്.സുരേഷ് കുമാർ, സീനിയർ സൂപ്രണ്ട്, (അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) (മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.

ധനകാര്യ(ലോൺസ്) വകുപ്പ് (No:1989745/LNS-L3/35/2022-FIN തീയതി 14.02.2024 പ്രകാരം).

വെബ് & ന്യൂ മീഡിയ.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
Date: 04-05-2024 17:25:44
സെക്ഷൻ ഓഫീസർ